പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2399

18.12.2012-ൽ മറുപടിക്ക്

## പ്രവർത്തന രഹിതമായ പൊതുമേഖലാ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.പാലോട് രവി
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ജോസഫ് വാഴക്കൻ

(എ)വർഷങ്ങളായി പ്രവർത്തനരഹിതമായ പൊതുമേഖലാസ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇത് സാദ്ധ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ ഭൂമി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

**(എ യും ബി യും ,സി യും )**

വ്യവസായവകുപ്പിന്റെ അധീനതയിൽ ലിക്വിഡേറ്റ് ചെയ്യതുൾപ്പെടെ പ്രവർത്തനം നിലച്ചുകിടക്കുന്ന സ്ഥാപനങ്ങളുടെ ആസ്തികൾ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

**ലിക്വിഡേറ്റ് ചെയ്യുവ**

- പ്രവർത്തനമില്ലാതെ കിടക്കുന്ന കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കത്സിന്റെ 25 ഏക്കർ ഭൂമി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd യുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കേരള സ്മാൾ ഇൻറസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷനു കൈമാറാൻ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കൽസിന്റെ ആസ്തികളും ബാധ്യതകളും കേരള സ്മാൾ ഇൻറസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷനു കൈമാറാനും തീരുമാനമായി.

- പ്രവർത്തനമില്ലാതെ കിടക്കുന്ന Metropolitan Engineering Company Ltd- ൻെറ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Ltd ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കാനുമുള്ള ഒരു പദ്ധതിക്കും സർക്കാർ

അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ Metropolitan Engineering Company Ltd -ൻെറ ആസ്തികളും ബാധ്യതകളും Kerala State Industrial Enterprises Ltd കൈമാറാനും തീരുമാനമായി..

- Travancore Plywood Industries Ltd ൻെറ ആസ്തികളും, മറ്റ് ഉൽപ്പാദന സൗകര്യങ്ങളും സംസ്ഥാനത്തിൻെറ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഒരു റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ Travancore Plywood Industries Ltd -ൻെറ ആസ്തികളും ബാധ്യതകളും KINFRA- യ്ക്ക് കൈമാറാനും തീരുമാനമായി..

- Scooters Kerala Ltd -ൻെറ സ്ഥലവും ബിൽഡിങ് ഉൾപ്പെടെയുള്ള ആസ്തികളും ബാധ്യതകളും സഹകരണ വകുപ്പിൻെറ അധീനതയിലുള്ള Co-operative Academy of Professional Education (CAPE) എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.
- Kerala Construction Components Ltd - പ്രവർത്തനം നിർത്തലാക്കിയ ചേർത്തലയിലെ പള്ളിപ്പുറത്തുള്ള കേരള കൺസ്ട്രക്ഷൻ കമ്പോണൻറ്സിലെ സൗകര്യങ്ങൾ വ്യാവസായികാവശ്യങ്ങൾക്കു വേണ്ടി പ്രയോജനപ്പെടുത്തുന്നതിൻെറ സാദ്ധ്യതകൾ പരിശോധിക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ കേരള കൺസ്ട്രക്ഷൻ കമ്പോണൻറ്സിൻെറ ആസ്തികളും ബാധ്യതകളും കെ.എസ്.ഐ.ഡി.സി – യ്ക്ക് കൈമാറാൻ തീരുമാനമായി..
- Chalakkudy Refractories Ltd - ൻെറ ആസ്തികളും ബാധ്യതകളും Kerala Special Refractories Ltd -ന് കൈമാറാൻ തീരുമാനമായിട്ടുണ്ട്.
- Kerala Soaps & Oils Ltd – ൻെറ ആസ്തികളും ബാധ്യതകളും KSIE-യ്ക്ക് കൈമാറാൻ

തീരുമാനമായിട്ടുണ്ട്.

- Kerala State Industrial Product Trading Corporation Ltd - യുടെ ആസ്തികളും ബാധ്യതകളും Kerala Special Refractories Ltd -ന് കൈമാറാൻ തീരുമാനമായിട്ടുണ്ട്.

മേൽപ്പറഞ്ഞ കമ്പനികളുടെ പേര് റെജിസ്റ്റാർ ഓഫ് കമ്പനിയുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തിട്ടുമുണ്ട്.

**<u>മറ്റുള്ളവ</u>**

- പ്രവർത്തനം നിലച്ചിരുന്ന Keltron Counters Ltd-ൻെറ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Dev.Corporation Ltd (KSEDC) നെ ചുമതലപ്പെടുത്തി. ബാക്കിയുള്ള 35 ജീവനക്കാരെ കെൽട്രോണിൻെറ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. Keltron Counters Ltdൻെറ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറി..

- കൂടാതെ പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

- Kerala State Detergents & Chemicals Ltd എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുവേണ്ടി KINFRA യിലെ തന്നെ ഒരുദ്യോഗസ്ഥനെ ഇതിൻെറ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

- കാസറഗോഡ് ജില്ലയിലെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള Astral Watches Ltd-ലെ എല്ലാ ജീവനക്കാരും SSNP പ്രകാരം പിരിഞ്ഞുപോകുകയും കമ്പനിയുടെ ചുമതല KSIDC-യെ ഏൽപ്പിച്ചിരിക്കുകയുമാണ്. ഈ സ്ഥാപനത്തിലെ സൗകര്യങ്ങൾ സംസ്ഥാനത്തിൻെറ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്.

- Kerala Garments Ltd – ൻെറ ആസ്തികളും ബാധ്യതകളും കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് കൈമാറാൻ തീരുമാന മായിട്ടുണ്ട്.

- Kerala Special Refractories Ltd ൻെറ സ്ഥലങ്ങൾ Co-operative Academy of Professional Education (CAPE) നും National Coir Research & Management Institute (erstwhile C-Doct) നും കൈമാറിയിട്ടുണ്ട്. ലികിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- പ്രവർത്തനം നിലച്ച Sidkel Television Ltd-നെ ലികിഡേറ്റ് ചെയ്യുന്നതിനായി SIDCO-യും KELTRON- നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ